**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4925** **20-03-2025 - ൽ മറുപടിയ്ക്ക്**

**കുട്ടനാടൻ ടൂറിസത്തിന് പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാടിന്റെ ടൂറിസം സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാടിന്റെ ടൂറിസം മേഖലയ്ക്ക് പ്രാധാന്യം നൽകി പദ്ധതികൾ നടപ്പിലാക്കിയിരുന്നു. നിലവിൽ ACറോഡിന്റെ വികസനം കൂടി സാധ്യമാകുന്ന പശ്ചാത്തലത്തിൽ കൂടുതൽ ടൂറിസം പദ്ധതികളെ സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്. ഫാം ടൂറിസം, വില്ലേജ് ലൈഫ്, വാട്ടർ സ്ട്രീറ്റ് മുതലായ പദ്ധതികൾ ഉത്തരവാദിത്ത ടൂറിസം മുഖേന വിപുലപ്പെടുത്തുന്നത് പരിശോധിക്കാം. |
| (ബി) | കുട്ടനാട്ടിലെ ഹൗസ് ബോട്ട് മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | കായൽ ടൂറിസം നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണ് ഹൗസ് ബോട്ടുകളിൽ നിന്നുള്ള ശുചിമുറി മാലിന്യസംസ്കരണം. ദൈനംദിനം വർധിച്ച വരുന്ന ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യം സംസ്കരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമല്ല. ആലപ്പുഴ വട്ടക്കായലിൽ STP സ്ഥാപിക്കുന്നതിനായി 3.71 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും പദ്ധതി പ്രദേശത്ത് അവശേഷിക്കുന്ന പഴയ പ്ലാന്റിന്റെ Structural Stability പരിശോധനകൾ P.W.D യുടെ നേതൃത്വത്തിൽ നടന്നുവരികയും ചെയ്യുന്നു. കൂടാതെ ഇരുമ്പനം പാടശേഖരത്ത് വിഭാവനം ചെയ്തിരിക്കുന്ന സ്വകാര്യ STP യ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു. ആലപ്പുഴ ജില്ലയിൽ ജില്ലാ ശുചിത്വ മിഷൻ കണ്ടൈനർ മോഡൽ മൊബൈൽ STP നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ച വരുന്നു. |
| (സി) | കുട്ടനാട്ടിലെ സി ബ്ലോക്ക്, ആർ ബ്ലോക്ക് എന്നിവിടങ്ങളിൽ പുതിയ ടൂറിസം പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | കുട്ടനാട്ടിലെ സി ബ്ലോക്ക്, ആർ ബ്ലോക്ക് എന്നിവിടങ്ങളിൽ ടൂറിസം പദ്ധതികൾക്കായി DPR ലഭ്യമാകുന്ന പക്ഷം ആയതിന്റെ ടൂറിസം സാധ്യതകൂടി പരിശോധിച്ച് വകുപ്പ് പുതിയ പദ്ധതികൾ വിഭാവനം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ